**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4811** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഒരോടം പാലം-മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലൂടെ കടന്നു പോകുന്ന ഒരോടം പാലം- മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് വ്യക്തമാക്കുമോ; | (എ) | ഒരോടം പാലം- മാനത്തുമംഗലം ബൈപ്പാസ് പ്രവൃത്തിയോടനുബന്ധിച്ചുള്ള സ്ഥല മേറ്റെടുപ്പിനായി ഭരണാനുമതി ലഭിക്കുന്നതിന് 25/09/21 തീയതിയിൽ റോഡ്സ് വിഭാഗം സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ഫണ്ടിന്റെ ലഭ്യത, ശീർഷകം എന്നിവ സഹിതം റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേയ്ക്ക് P& E ചാർജ്ജായിട്ട് 16,23,800/- രൂപ അടച്ചിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ പ്രകാരം ROB -യുടെ ഉയരം 17.00 മീറ്റർ വരുന്നുണ്ട്. ഇതു കാരണം അധിക സ്ഥലം ആവശ്യമുള്ളതായി വരുന്നതും അപ്രോച്ച് റോഡുമായി ബന്ധിപ്പിക്കുന്നതിന് കൂടുതൽ സ്പാനുകൾ പാലത്തിന് ആവശ്യമായി വരുന്നതുമാണ്. 26/11/2021- തീയതിയിൽ ചേർന്ന മലപ്പുറം ജില്ലാ DICC മീറ്റിംഗിൽ ഇക്കാര്യം പരിഗണിക്കുകയും ഈ പദ്ധതി RBDCK -യെ കൊണ്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാമെന്ന് തീരുമാനിച്ചിട്ടുമുണ്ട്.<br><br>പെരിന്തൽമണ്ണ - മാനത്തുമംഗലം കുളുത്ത ബൈപ്പാസ് നിർമ്മാണം (രണ്ടാം ഘട്ടം) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂവുടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിലേയ്ക്ക് 2,30,65,000/- രൂപ ലഭ്യമായതിൽ, 13 ആളുകൾക്ക് 2,19,33,638/- രൂപ വിതരണത്തിനായി മഞ്ചേരി അഡീഷണൽ സെക്ഷൻസ് കോടതി 2-ൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ 11,31,362/- രൂപ ബാക്കി വന്നിട്ടുണ്ട് എന്നാൽ വിശദ- വിലവിവരപ്പട്ടികയിൽ ഉൾപ്പെട്ട ശ്രീ.പി.സുദേവൻ മുതൽ പേർ എന്ന ഒന്നാം ക്രമ നമ്പരുകാരന് അവാർഡ് പാസ്സാക്കുന്നതിനു ആകെ 35,51,808/- രൂപ ആവശ്യമുള്ളതിനാൽ, ഇനിയും 24,20,446/- രൂപ കൂടി ആവശ്യമാണ്. കൂടാതെ കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ |

| | | | |
|---|---|---|---|
| | | | 4,92,770/- രൂപയും പദ്ധതിയുമായി ബന്ധപ്പെട്ട വ്യത്യസ്ത ദിനപത്രങ്ങളിൽ പരസ്യം നൽകിയതുൾപ്പെടെയുള്ള ചെലവുകൾക്കും തുക അനുവദിക്കേണ്ടതുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്നതിനു ഇനിയും ആവശ്യമുള്ള 24,20,446/- രൂപയും കണ്ടിജൻസി ചാർജ്ജിനത്തിൽ 4,92,770/- രൂപയും കൂടി ആകെ 29,13,216/- രൂപയും (ഇരുപത്തി ഒൻപതു ലക്ഷത്തി പതിമൂന്നായിരത്തി ഇരുന്നൂറ്റി പതിനാറു രൂപ മാത്രം) അനുവദിച്ച ഭരണാനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ